വികസനവും തീർത്ഥാടകർക്കുള്ള സൗകര്യവുമായി ബന്ധപ്പെട്ടല്ലാതെ മറ്റ് നിർമ്മാണ പ്രവൃത്തികൾ നടത്താൻ പാടില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുണ്ട്. ഈ സാഹചര്യത്തിൽ ക്ഷേത്രത്തിനടുത്ത് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കില്ല. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കോടതി ഉത്തരവിന് വിധേയമായി 'പ്രസാദ്' സ്കീമിൽ പദ്ധതി ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നഗര വികസന മന്ത്രാലയത്തിന് കീഴിലുള്ള 'അമൃത്' പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനപ്രകാരം ഗുരുവായൂരിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം കുടിവെള്ള വിതരണം, സ്വീവറേജ്, ഡ്രയിനേജ്, നടപ്പാതകൾ ഉറന്ന സ്ഥലങ്ങൾ വികസിപ്പിക്കുക എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. 41.76 കോടി രൂപയുടെ പദ്ധതിയിൽ 50 ശതമാനം കേന്ദ്ര സർക്കാരും 30 ശതമാനം സംസ്ഥാന സർക്കാരും 20 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വഹിക്കണം. 2016-2017-ൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(39) പി.എച്ച്.സി.യെ സി.എച്ച്.സി. ആക്കൽ

ശ്രീ. പി. കെ. ബഷീർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കുഴിമണ്ണ പഞ്ചായത്തിലെ പി.എച്ച്.സി. സി.എച്ച്.സി. ആയി ഉയർത്തണമെന്നതാണ് ഈ സബ്മിഷനിലൂടെ എന്റെ ആവശ്യം. പല പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിയോട് അവിടത്തെ ജനങ്ങളുടെ ആവശ്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതുകൊണ്ട് കുഴിമണ്ണ പഞ്ചായത്തിലെ പി.എച്ച്.സി. സി.എച്ച്.സി. ആയി ഉയർത്തുവാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കുഴിമണ്ണ പ്രാഥമിക ആരോഗ്യ കേന്ദ്രം രണ്ട് കെട്ടിടങ്ങളിലായാണ് പ്രവർത്തിക്കുന്നത്. പി.എച്ച്.സി.യിൽ രണ്ട് അസിസ്റ്റന്റ് സർജന്മാരുടേതുൾപ്പടെ 16 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ എൻ.ആർ.എച്ച്.എം. വഴി ഒരു ഡോക്ടറുടെ സേവനവും ഒരു ഫാർമസിസ്റ്റിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ സാമൂഹ്യ ആരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(40) ആദിവാസി വിഭാഗത്തിന് ചികിത്സയും ധനസഹായവും നിഷേധിക്കൽ

ശ്രീ. എ. പ്രദീപ്കുമാർ: സർ, ആദിവാസി വിഭാഗങ്ങൾക്ക് സർക്കാർ നൽകിക്കൊണ്ടിരിക്കുന്ന ചികിത്സാ സൗകര്യങ്ങൾ നിഷേധിക്കുന്ന വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. സാധാരണഗതിയിൽ ആദിവാസികൾക്ക് മെഡിക്കൽ കോളേജുകളിലും മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ആശുപത്രികളിലും മരുന്നുൾപ്പെടെ എല്ലാ സർജിക്കൽ ഉപകരണങ്ങളും സൗജന്യമായി കൊടുക്കും. രോഗികളുടെ കൂട്ടിരിപ്പുകാർക്ക് പ്രതിദിനം 200 രൂപ വച്ച് കൊടുക്കാറുണ്ട്. അതുപോലെതന്നെ രോഗികളെ വീട്ടിലേയ്ക്കും മറ്റും കൊണ്ടുപോകുന്നതിന് ആംബുലൻസ് സർവ്വീസ് സൗജന്യമായി ഉറപ്പാക്കാറുണ്ട്. ഈ സേവനങ്ങളെല്ലാം കേരളത്തിൽ പൊതുവെ ഇല്ലാതായിരിക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ രോഗികൾക്കുണ്ടാകുന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞാനിത് പറയുന്നത്. അവിടെ ഇപ്പോൾ ആദിവാസികൾക്ക് മരുന്നും സർജിക്കൽ ഉപകരണങ്ങളും വാങ്ങിക്കൊടുത്ത വകയിൽ 2.6 കോടി രൂപയാണ് ആശുപത്രി വികസന സമിതിക്ക് കൊടുക്കാനുള്ളത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീമതി പി.കെ. ജയലക്ഷ്മി മറുപടി പറഞ്ഞ സമയത്ത് എത്രയോ രൂപ അനുവദിച്ചുവെന്ന് പറഞ്ഞു. ഈ നിമിഷം വരെ ആ പണം ലഭിച്ചിട്ടില്ല. അവർ പറഞ്ഞത് വസ്തുതാപരമായി ശരിയല്ല, ചിലപ്പോൾ തെറ്റായ വിവരം ലഭിച്ചതുകൊണ്ടാകാം അങ്ങനെ പറഞ്ഞത്. ഒരു പൈസയും അവിടെ കൊടുത്തിട്ടില്ല. കൂട്ടിരുപ്പുകാർക്ക് കൊടുക്കാനുള്ള 200 രൂപ കൊടുക്കാറേയില്ല. ആംബുലൻസ് സർവ്വീസിനുള്ള പണം കൊടുക്കാൻ കഴിയുന്നില്ല. ആഴ്ചയിൽ ഒരു ദിവസം മാത്രമേ ആംബുലൻസ് അനുവദിച്ചുകൊടുക്കാറുള്ളൂ. വലിയ ദുരിതമാണ് അവിടെ വരുന്ന രോഗികൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലത്തിൽ ഒരു ആദിവാസി വിഭാഗവുമില്ല. പക്ഷേ മെഡിക്കൽ കോളേജ് അവിടെ ആയതിനാൽ ഇവരുടെയൊക്കെ പ്രശ്നങ്ങൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുകയും പലപ്പോഴും ഞങ്ങൾ ഇടപെടാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായിട്ടാണ് എച്ച്.ഡി.സി.യിൽ നിന്നും പണം കൊടുക്കുന്നത്. എച്ച്.ഡി.സി.ക്ക് 2.6 കോടി രൂപ സർക്കാർ കൊടുത്തില്ലെങ്കിൽ ആശുപത്രി വികസന സമിതിയുടെ ആ സ്ഥാപനം പൂട്ടേണ്ട സ്ഥിതിയിലാകും. എല്ലാപേർക്കും സൗജന്യമായി മരുന്ന് കൊടുക്കാനുള്ള ഒരു സ്ഥാപനം പൂട്ടേണ്ട ഗൗരവതരമായിട്ടുള്ള സാഹചര്യമാണുള്ളത്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ആദിവാസി വിഭാഗങ്ങൾക്ക് മരുന്ന് വാങ്ങിക്കൊടുത്ത ഇനത്തിൽ കുടിശ്ശികയുള്ള 2.6 കോടി രൂപ കോഴിക്കോട് മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സമിതിക്ക് ഉടൻ കൊടുക്കുക; ഇല്ലെങ്കിൽ ആ മെഡിക്കൽ ഷോപ്പ് പൂട്ടേണ്ട സാഹചര്യമുണ്ടാകും. തുടർന്നും അവർക്ക് കൊടുക്കാൻ കഴിയാത്ത സാഹചര്യം വരും. അതുപോലെ ആദിവാസികളുടെ ഉപയോഗത്തിന് മാത്രമായി ഒരു ആംബുലൻസ് ഒരു ഡ്രൈവറുടെ സേവനവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കൂട്ടിരിപ്പുകാർക്ക് കാലാകാലങ്ങളായി കൊടുത്തുകൊണ്ടിരുന്ന 200 രൂപ പുനഃസ്ഥാപിക്കുക. മറ്റാരെക്കാളും ഏറ്റവും കൂടുതൽ പരിഗണന കൊടുക്കേണ്ട ഒരു വിഭാഗമെന്ന നിലയിൽ നമ്മുടെ സൗകര്യങ്ങൾ വെട്ടിക്കുറച്ചിട്ടാണെങ്കിലും അവർക്കുള്ള സൗകര്യങ്ങൾ ഉറപ്പാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കോഴിക്കോട് മെഡിക്കൽ കോളേജിൽ ലഭ്യമാകുന്ന എല്ലാ ചികിത്സയും ആദിവാസി രോഗികൾക്ക് സൗജന്യമായി നൽകിവരുന്നുണ്ട്. ചികിത്സ കഴിഞ്ഞ് മടങ്ങിപ്പോകുന്ന രോഗികൾക്ക് ആഴ്ചയിൽ രണ്ട് ദിവസം ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ് ദിവസങ്ങളിൽ ഡിസ്ചാർജ് ചെയ്യുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് യാത്രാപ്പടി നൽകിവരുന്നു. കൂട്ടിരിപ്പുകാർക്ക് 200 രൂപ യാത്രാപ്പടി അനുവദിക്കുന്നതിനുള്ള സംവിധാനങ്ങൾ ലഭ്യമാണ്. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലാ ട്രൈബൽ ഓഫീസർമാരുടെ യോഗം വിളിച്ചുചേർത്ത് രോഗികൾക്ക് എല്ലാ ദിവസവും ആമ്പുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ആദിവാസികളായ രോഗികൾക്ക് എല്ലാ ചികിത്സാസൗകര്യങ്ങളും ഏർപ്പെടുത്തുവാനും തുടർ ചികിത്സാസംബന്ധമായ ധനസഹായം എന്നിവയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. ഇന്നലെ ഒരുകോടി രൂപ ഇതുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് എത്തുന്ന ആദിവാസികൾക്ക് ബന്ധപ്പെട്ട ഡോക്ടർമാരെ ഒ.പി.യിൽ കാണുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണെന്ന കാര്യംകൂടി ഞാൻ അറിയിക്കുകയാണ്. കാരണം, അവിടെ എത്തിച്ചേരുന്ന രോഗികൾക്ക് കൂടുതൽ വിദ്യാഭ്യാസവും മറ്റും ഇല്ലാത്തതുകൊണ്ട് ഡോക്ടർമാരെ കാണാൻ എവിടെ പോകണം, എവിടെ ചികിത്സയ്ക്ക് എത്തിക്കണമെന്നുള്ള കാര്യങ്ങളെക്കുറിച്ച് അറിയില്ല. അതിനായി വോളണ്ടിയർമാരെ വച്ച് പ്രത്യേകമായിട്ടുള്ള സംവിധാനത്തിലൂടെ, അവർക്ക് മുൻഗണന കൊടുത്ത് ഡോക്ടർമാരെ ഒ.പി.യിലും മറ്റ് ചികിത്സയ്ക്കും കാണുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനവും കോഴിക്കോട് മെഡിക്കൽ കോളേജിൽ ഏർപ്പെടുത്തുന്നതാണ്.

VI മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ് I പ്രകാരം

I. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (എംഎസ്.) നമ്പർ 183/2015/നിയമം തീയതി 16-11-2015 (എസ്.ആർ.ഒ. നമ്പർ 747/2015)

LIBRARY ARCHIVES Kerala Legislative Assembly